തസ്തികകൾ ആവശ്യാനുസരണം നികത്തി വരികയാണ്. വിവിധ ഡിസിപ്ലിനുകളിൽ നിയമനങ്ങൾ നടത്തിവരുന്നു. അതുപോലെ തന്നെ ഒഴിവുള്ള മറ്റു തസ്തികകളിൽ നിയമനം നടത്താൻ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് സർവ്വകലാശാല അറിയിച്ചിരിക്കുന്നു.

126 (2690) നിലം നികത്താൻ അനുമതി

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷം പത്തനംതിട്ട ജില്ലയിൽ നിലം നികത്തുന്നതിന് ഗവണ്മെന്റ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അനുവാദം നൽകിയതിന്റെ താലൂക്ക് തിരിച്ചുള്ള എണ്ണം അറിയിക്കുമോ;

(സി) അനുവാദം ഇല്ലാതെ നിലം നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഗവണ്മെന്റിലെ കൃഷിവകുപ്പ് അനുവാദം നൽകിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) അപ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള 4 (1) നോട്ടീസ് നൽകി നടപടി നടത്തിവരുന്നു.

127 (2691) ഓയിൽ പാം മില്ലിലെ ഒഴിവുകൾ

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓയിൽ പാം ഇൻഡ്യ ലിമിറ്റഡിന്റെ പുതിയ ഓയിൽപാം മില്ലിൽ ഓഫീസർ തസ്തിക ഉൾപ്പെടെ എത്ര തസ്തികകളുടെ ഒഴിവുകൾ ഉണ്ട്; ഏതെല്ലാം തസ്തികകളിൽ എത്ര വീതം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

താഴെപ്പറയുന്ന തസ്തികകളിലായി മൂന്നൊഴിവുകളുണ്ട്.

മെക്കാനിക്കൽ അസിസ്റ്റന്റ് : 2

ഫിറ്റർ : 1

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly